(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതിരോധ വാക്സിൻ കൊല്ലംജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) കൊല്ലം ജില്ലാ മൃഗാശുപത്രിയിലെ (ജില്ലാ വെറ്ററിനറി കേന്ദ്രം) എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ട്. കൂടാതെ ഒരു എക്സ്റേ ടെക്നീഷ്യനെ ദിവസക്കൂലി അടിസ്ഥാനത്തിലും ഫാർമസിസ്റ്റിനെ ജില്ലാ പഞ്ചായത്ത് പദ്ധതിപ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. പ്രവർത്തനം സുഗമമായി നടന്നു വരുന്നു.

## മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ

**212 (1656)** <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത ആശുപത്രികൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര നാളായാണ് അപ്രകാരം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>ഉത്തരം</u>

(എ) എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ ഉണ്ട്.

(ബി) കൊട്ടാരക്കര മൃഗാശുപത്രി.

(സി) 53 വർഷം. 1-10-1959 മുതൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) കൊട്ടാരക്കര മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കാൻ കെ.ഐ.പി.-യുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രമ്യൂസിയം

**213 (1657)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം തേവള്ളിയിൽ കൊല്ലംജില്ലാ വെറ്ററിനറികേന്ദ്രത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രമ്യൂസിയത്തിന്റെ പുനർനിർമ്മാണം എന്നാരംഭിക്കുമെന്നും അതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കൊല്ലം തേവള്ളിയിൽ കൊല്ലം ജില്ലാ വെറ്ററിനറികേന്ദ്രത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ചരിത്രമ്യൂസിയത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ പ്രസ്സുകളിലെ പർച്ചേസുകളും അദർഡ്യൂട്ടി വ്യവസ്ഥയും

214 (1658) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ്സുകളിലേക്കാവശ്യമായ പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിക്കുന്നില്ല എന്ന ഗുരുതരമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) സർക്കാർ പ്രസ്സുകളിൽ "അദർഡ്യൂട്ടി വ്യവസ്ഥ" നിലവിലുണ്ടോ ; അദർഡ്യൂട്ടി വ്യവസ്ഥ നിലവിലില്ല എന്ന നയത്തിന് വിരുദ്ധമായി പ്രസ്സ് അധികാരികൾ അദർഡ്യൂട്ടി അനുവദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. എന്നാൽ കോഴിക്കോട്, കൊല്ലം ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യംവേണ്ട തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ ഏതാനും ജീവനക്കാരെയും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, മണ്ണന്തല, വാഴൂർ എന്നീ പ്രസ്സുകളിൽ ബഡ്ജറ്റ്, ഡയറി, കലണ്ടർ തുടങ്ങിയ അടിയന്തര ജോലി സമയബന്ധിതമായി പൂർത്തിയാക്കേണ്ടിവരുമ്പോഴും ചില പ്രത്യേക സാഹചര്യങ്ങളിൽ മാനുഷിക പരിഗണന നൽകേണ്ട കേസുകളിലും ചില ജീവനക്കാർക്ക് പ്രവർത്തന ക്രമീകരണാർത്ഥം/വർക്കിംഗ് അറേൻജ്മെന്റ് വ്യവസ്ഥപ്രകാരം നിയമനം നൽകിയിട്ടുണ്ട്.

ഗസറ്റിന്റെ കോപ്പി എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി

215 (1659) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റിന്റെ കോപ്പി എം.എൽ.എ.-മാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;